(ബി) സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ഓവർഡ്രാഫ്റ്റ് എത്ര ;

(സി) ഓവർഡ്രാഫ്റ്റ് സംബന്ധിച്ച് കേന്ദ്രം നിശ്ചയിച്ചിട്ടുള്ള പരിധി കഴിഞ്ഞ് ഒരു വർഷത്തിനുള്ളിൽ ഏതെല്ലാം ദിവസങ്ങളിൽ കവിഞ്ഞിട്ടുണ്ട് ; എത്രകോടി രൂപവീതം ഈ ഓരോ ദിവസവും അധിക ഓവർഡ്രാഫ്റ്റ് ഉണ്ടായി ?

ഉത്തരം

(എ) ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പ്ലാനിൽപ്പെട്ടതും അല്ലാത്തതുമായ ചിലവുകൾ നടത്തുന്നതിന് ഇപ്പോൾ സാമ്പത്തിക ബുദ്ധിമുട്ടില്ല.

(ബി) റിസർവ് ബാങ്കിൽനിന്നും ഓവർഡ്രാഫ്റ്റ് എടുക്കുന്നതിന് പരിധി നിശ്ചയിച്ചിട്ടില്ല. എന്നാൽ ഓവർഡ്രാഫ്റ്റ് ഉണ്ടായാൽ ഏഴു ദിവസത്തിനകം തിരിച്ചടയ്ക്കണം എന്നാണ് വ്യവസ്ഥ.

(സി) ഉത്തരം (ബി) യുടെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

വ്യാപാരി വ്യവസായി സമിതിയുടെ നിവേദനം

547 [752] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാപാരി വ്യവസായി സമിതി ഗവൺമെൻറിൽ തന്ന നിവേദനത്തിൽ ഏതെല്ലാം കാര്യങ്ങളിൽ ഇനി തീരുമാനമുണ്ടാകാനുണ്ട് ;

(ബി) വരുംവർഷത്തിൽ ചെറുകിട വ്യാപാരികൾക്ക് എന്തെല്ലാം സഹായങ്ങൾ ചെയ്തുകൊടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു ?

ഉത്തരം

(എ) 1985 ഫെബ്രുവരിയിൽ സമിതി മുഖ്യമന്ത്രിക്ക് ഒരു നിവേദനം നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകൾ നടപ്പാക്കാനുള്ള ഒട്ടനവധി കാര്യങ്ങൾ അതിൽ പരാമർശിച്ചിരുന്നു. എല്ലാ വകുപ്പുകളിൽനിന്നും മുഴുവൻ വിവരങ്ങളും ഇനിയും ലഭിച്ചിട്ടില്ല.

(ബി) ഇക്കാര്യത്തിൽ തീരുമാനമെടുത്തു കഴിഞ്ഞിട്ടില്ല.

ചെറുകിട വ്യാപാരികൾക്ക് നികുതിയിളവ്

548 [753] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട വ്യാപാരികൾക്ക് നികുതിയിളവ് നൽകുന്നതു സംബന്ധിച്ച് ഗവൺമെൻറ് പരിശോധിച്ചുവരികയാണെന്നു മുഖ്യമന്ത്രി എറണാകുളം വ്യാപാരി വ്യവസായി ഏകോപന സമിതി സമ്മേളനത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് ഗവൺമെൻറ് കൈക്കൊണ്ട നടപടികളുടെ വിശദ വിവരങ്ങൾ പറയാമോ ;

(ബി) ഈ പ്രഖ്യാപിച്ച നികുതിയിളവ് 1986-87 വർഷം മുതൽ നൽകാൻ നടപടികൾ എടുക്കുമോ ?

ഉത്തരം

(എ, ബി) ചെറുകിട വ്യാപാരികളെ ഉദ്ദേശിച്ചുകൊണ്ട് നികുതി വിധേയമായ ടേൺ ഓവറിൻറെ പരിധി ഉയർത്തിക്കൊണ്ട് 1984-ൽ വിൽപ്പന

LIBRARY ARCHIVES Kerala Legislative Assembly